പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2698** **21.06.2012-ലെ മറുപടിക്ക്**

**കല്യാശ്ശേരി മാടായിയിൽ ഐ. ടി. ഐ. കെട്ടിടം നിർമ്മാണം**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. റ്റി. വി. രാജേഷ്** | | **അടൂർ പ്രകാശ്**<br>**റവന്യൂവും കയറും വകുപ്പുമന്ത്രി** |
| (എ) കല്യാശ്ശേരി നിയോജക മണ്ഡലത്തിലെ മാടായി ഐ. ടി. ഐ ക്ക് വേണ്ടി റവന്യൂ വകുപ്പ് നൽകിയ സ്ഥലത്ത് കെട്ടിടം നിർമ്മാണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച സ്റ്റേ ഓർഡർ നീക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | കല്യാശ്ശേരി നിയോജക മണ്ഡലത്തിലെ മാടായി ഐ. ടി. ഐ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് ബഹു. പയ്യന്നൂർ സബ് കോടതിയുടെ 28.9.2011-ലെ ഐ.എ-600/11 നമ്പർ സ്റ്റേ ഉത്തരവിനെതിരെ തലശ്ശേരി ജില്ലാകോടതിയിൽ സി.എം.എ.89/11 നമ്പർ ആയി അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത കേസ് ദീർഘമായി നീണ്ടു പോകുന്നത് ഒഴിവാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; | (ബി) | പ്രസ്തുത കേസ് വേഗത്തിൽ പരിഗണിച്ച തീർപ്പാക്കുന്നതിന് ബഹു. ഹൈക്കോടതിയിൽ റിവിഷൻ 03/2012 നമ്പർ ആയി കേസ് ഫയൽ ചെയ്തിട്ടുണ്ട്. |
| (സി) മാടായി ഐ. ടി. ഐ. ക്ക് എത്ര തുകയുടെ ഭരണാനുമതിയാണ് ലഭിച്ചത്; എപ്പോഴാണ് കെട്ടിടം പണി ആരംഭിച്ചത്; ഇപ്പോൾ എത്ര തുക കെട്ടിടം പണിയാൻ ചെലവായിട്ടുണ്ട്; വ്യക്തമാക്കുമോ; | (സി) | മാടായി ഐ. ടി. ഐ. ക്ക് G.O.(Rt)No1048/09/PWD dt.14.7.09 ഉത്തരവ് പ്രകാരം 471 ലക്ഷം രൂപയുടെ ഭരണാനുമതിയും പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെ TS No.125/CE/BL/10-11 dt. 16.11.10 പ്രകാരം 495 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്.<br>കെട്ടിടം പണി ആരംഭിച്ചത് 9.6.11 നാണ്. കെട്ടിടം പണിക്ക് ചിലവായ തുക കൃത്യമായി കണക്കാക്കിയിട്ടില്ല. ഏകദേശം 30 ലക്ഷം രൂപയുടെ പ്രവൃത്തി നടന്നിട്ടുണ്ട്. കരാറുകാരന് ഇതുവരെ പേമെന്റുകൾ ഒന്നും നൽകിയിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | ഐ. ടി. ഐ കെട്ടിടത്തിന്റെ പ്രവൃത്തി പുനരാരംഭിക്കാനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ? | (ഡി) | നിലവിലുള്ള സ്റ്റേ ഉത്തരവ് നീക്കം ചെയ്യുന്ന മുറയ്ക്ക് കെട്ടിടത്തിന്റെ പ്രവൃത്തി പുനരാംരംഭിക്കാൻ നടപടി സ്വകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ